നവ കേരളം കർമപദ്ധതി

# നവകേരളം വാർത്ത

2025 മെയ് വാല്യം 1

ന്യൂസ് ലെറ്റർ

ഓൺലൈൻ

52

## ഒരു തൈ നടാം : ജനകീയ വൃക്ഷവൽക്കരണ ക്യാമ്പയിന് തുടക്കം

### മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് ഒരു കോടി വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്ന ഒരു തൈ നടാം ജനകീയ വൃക്ഷവൽക്കരണ ക്യാമ്പയിൻ ക്ലിഫ് ഹൗസ് അങ്കണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ കുളമാവ് തൈ നട്ട് ഉദ്ഘാടനം ചെയ്തു. ലോക പരിസ്ഥിതി ദിനമായ ജൂൺ 5 ന് വൈകുന്നേരം നടന്ന പരിപാടിയിൽ വി.കെ. പ്രശാന്ത് എം.എൽ.എ., നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്ററും ഹരിതകേരളം മിഷൻ വൈസ് ചെയർപേഴ്സണുമായ ഡോ. ടി.എൻ. സീമ, ബയോഡൈവേഴ്സിറ്റി ബോർഡ് ചെയർമാൻ ഡോ. എൻ. അനിൽകുമാർ, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് ബോട്ടണി വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. പ്രീത, ഹരിതകേരളം മിഷൻ അസിസ്റ്റന്റ് കോർഡിനേറ്റർ എബ്രഹാം കോശി, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എസ്. ഇന്ദു, നവകേരളം കർമപദ്ധതി സംസ്ഥാന അസിസ്റ്റന്റ് കോർഡിനേറ്റർ ടി.പി. സുധാകരൻ, ഹരിതകേരളം മിഷൻ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. സെപ്റ്റംബർ 30 വരെയാണ് ഒരു തൈ നടാം ക്യാമ്പയിൻ. അപൂർവവും വംശനാശഭീഷണി നേരിടുന്നതുമായ വൃക്ഷങ്ങളുടെ തൈകൾ നട്ടുപിടിപ്പിക്കുന്നതിൽ ക്യാമ്പയിൻ പ്രത്യേകം ശ്രദ്ധ നൽകുന്നുണ്ട്. ക്ലിഫ് ഹൗസിൽ പരിസ്ഥിതിദിനത്തോടനുബന്ധിച്ച് നട്ട വൃക്ഷത്തൈകളായ കുളമാവ്, ആറ്റുപുന്ന, ഉണ്ടപ്പൈൻ, കമ്പകം, പൊന്നുഞാവൽ എന്നിവ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നവയാണ്. ക്യാമ്പയിന്റെ ഭാഗമായി നട്ട തൈകളുടെ സ്ഥാനം, വളർച്ച എന്നിവ നിരീക്ഷിക്കുന്നതിനായി ഇവ ജിയോടാഗ്




ചെയ്യുന്ന സംവിധാനം കേരള സാങ്കേതിക സർവകലാശാലയുടെ പിന്തുണയോടെ നടപ്പാക്കുന്നുണ്ട്.

## സംസ്ഥാനത്തെ ആദ്യ പച്ചത്തുരുത്തിന് ആറ് വയസ്

ഹരിതകേരളം മിഷൻ സംസ്ഥാനത്തു നടപ്പാക്കിവരുന്ന പച്ചത്തുരുത്ത് പദ്ധതിയിലെ ആദ്യ പച്ചത്തുരുത്തിനു ആറ് വയസ്. 2019 ജൂൺ 5 ന് ലോക പരിസ്ഥിതി ദിനത്തിൽ തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ഗ്രാമപഞ്ചായത്തിലെ വേങ്ങോട് കുടുംബാരോഗ്യ കേന്ദ്രത്തിന്റെ കോമ്പൗണ്ടിലെ അഞ്ചു സെന്റിൽ നീർമാതളതൈ നട്ട് മുഖ്യമന്ത്രി പിണറായി വിജയനാണു പച്ചത്തുരുത്ത് പദ്ധതിക്ക് തുടക്കം കുറിച്ചത്. ഔഷധ സസ്യങ്ങളാണ് ഈ പച്ചത്തുരുത്തിൽ ഏറെയും. ആറ് വർഷം പിന്നിടുമ്പോൾ പദ്ധതിയിലൂടെ സംസ്ഥാനമൊട്ടാകെ വിവിധ ഇടങ്ങളിലായി 1173.49 ഏക്കർ വിസ്തൃതിയിൽ 3657 പച്ചത്തുരുത്തുകൾ ഹരിതകേരളം മിഷൻ വച്ചുപിടിപ്പിച്ചിട്ടുണ്ട്.



വേങ്ങോട് പച്ചത്തുരുത്ത് ഇപ്പോൾ (2025 ജൂൺ)

ആദ്യ പച്ചത്തുരുത്ത് തിരുവനന്തപുരം വേങ്ങോട് മുഖ്യമന്ത്രി തൈ നട്ട് ഉദ്ഘാടനം ചെയ്യുന്നു. (2019 ഫയൽ ചിത്രം)

ഒരു തൈ നടാം ക്യാമ്പയിൻ വിശദ വാർത്ത പേജ് 2 ൽ

## എഡിറ്റോറിയൽ

### പച്ചത്തുരുത്ത് വ്യാപനവും ജനകീയ വൃക്ഷവൽക്കരണവും



പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ജൈവബന്ധത്തെ കാലാനുസൃതമായി പുനഃസ്ഥാപിക്കുന്നതിനുള്ള ഇടപെടലുകളാണ് ഹരിതകേരളം മിഷനിലൂടെ സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്. പരിസ്ഥിതി പുനഃസ്ഥാപനത്തിനുള്ള പ്രവർത്തനങ്ങൾ പരിസ്ഥിതിയുടെ ജനപക്ഷ സമീപനത്തെ അടിസ്ഥാനമാക്കി വേണം നിർവ്വഹിക്കേണ്ടതെന്ന കാഴ്ചപ്പാടോടെയാണ് ഹരിതകേരളം മിഷൻ ഇത് നിർവഹിക്കുന്നത്. കൃഷിയുൾപ്പെടെ പ്രകൃതിയെ പരിവർത്തിപ്പിക്കുന്ന എല്ലാ നടപടികളും പ്രകൃതിയെ പരിപാലിക്കും വിധമായിരിക്കണം. കാരണം ഋതുക്കളും കാലാവസ്ഥയും നോക്കി കൃഷിയിറക്കുന്ന കാലത്തെയല്ല നാം ഇപ്പോൾ അഭിമുഖീകരിക്കുന്നത്. അതുകൊണ്ടുതന്നെ കാലാവസ്ഥാ വ്യതിയാനത്തിന്റെ ദോഷഫലങ്ങളെ സാമൂഹ്യ പ്രതിബദ്ധതയോടെ വേണം നേരിടേണ്ടത്.

പരിസ്ഥിതിയുടെ ശാസ്ത്രവും സംരക്ഷണവും മുൻനിർത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനങ്ങളെ അണിനിരത്തിയുള്ള പ്രവർത്തനങ്ങളാണ് ഹരിതകേരളം മിഷൻ നിർവഹിക്കുന്നത്. പരിസ്ഥിതിയുമായുള്ള സന്തുലന സമ്പർക്കം ഒരു വ്യക്തിയുടെ മാത്രം ആവശ്യമല്ല, സമൂഹത്തിന്റെ കടമയാണെന്ന ബോധ്യമാണ് പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങളിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കാൻ മിഷനെ പ്രേരിപ്പിക്കുന്നത്.

ഒരുകോടി വൃക്ഷത്തൈകൾ സംസ്ഥാനമൊട്ടാകെ വച്ചുപിടിപ്പിക്കാൻ ലക്ഷ്യമിട്ട് 'ഒരു തൈനടാം' എന്നപേരിൽ ജനകീയ വൃക്ഷവൽക്കരണ ക്യാമ്പയിന് 2025 ലെ പരിസ്ഥിതി ദിനത്തിൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തുടക്കം കുറിച്ചിരിക്കുകയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സ്കൂളുകൾ, കലാലയങ്ങൾ, തൊഴിലുറപ്പ് പദ്ധതി, സാമൂഹ്യവനവൽക്കരണ വിഭാഗം, ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ, കെ.എഫ്.ആർ.ഐ., മെഡിസിനൽ പ്ലാന്റ് ബോർഡ്, കാർഷിക സർവകലാശാല, കൃഷിവകുപ്പ്, എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ തുടങ്ങിയവ ഈ ക്യാമ്പയിനുമായി കൈകോർക്കുന്നു. സമഗ്ര വൃക്ഷവൽക്കരണവും പച്ചത്തുരുത്തുകളുടെ വ്യാപനവും ക്യാമ്പയിൻ ലക്ഷ്യമിടുന്നു. സമസ്ത വിഭാഗം ജനങ്ങളെയും പങ്കാളികളാക്കി നടപ്പാക്കുന്ന ഈ പദ്ധതി വിജയിപ്പിക്കാൻ എല്ലാവരും മുന്നിട്ടിറങ്ങണം. നമ്മുടെ പരിസ്ഥിതിയുടെ പുനസ്ഥാപന പ്രവർത്തനങ്ങളിൽ നമുക്കേവർക്കും പങ്കാളികളാകാം.

**ഡോ. ടി.എൻ. സീമ**
സംസ്ഥാന കോർഡിനേറ്റർ, നവകേരളം കർമപദ്ധതി 2
വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ

# ഒരു തൈ നടാം

## ജനകീയ വൃക്ഷവൽക്കരണ ക്യാമ്പയിൻ

ഹരിതകേരളം മിഷൻ 2019 മുതൽ നടപ്പിലാക്കി വരുന്ന പച്ചത്തുരുത്ത് പദ്ധതിയെ കൂടുതൽ വ്യാപിപ്പിക്കുന്നതിനോടൊപ്പം സമഗ്രമായ ഒരു വൃക്ഷവത്ക്കരണ പ്രവർത്തനം നടത്തുക എന്ന ലക്ഷ്യത്തോടുകൂടി ജൂൺ 05 മുതൽ സെപ്തംബർ 30 വരെയുള്ള കാലയളവിൽ ഒരു കോടി വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുക എന്നതാണ് ഒരു തൈ നടാം പദ്ധതി. ഇതിനായി സർവ്വതല സ്പർശിയായ ഒരു ജനകീയ ക്യാമ്പയിനാണ് സംസ്ഥാനത്ത് സംഘടിപ്പിക്കുന്നത്. സ്കൂൾ കുട്ടികൾ, കോളേജ് വിദ്യാർത്ഥികൾ, കുടുംബശ്രീ പ്രവർത്തകർ, തൊഴിലുറപ്പ് തൊഴിലാളികൾ, ഹരിത കർമസേന പ്രവർത്തകർ, സർക്കാർ ജീവനക്കാർ, റഡിഡന്റ്സ് അസോസിയേഷനുകൾ, ആരാധനാലയങ്ങൾ, വായനശാലകൾ, സാമൂഹിക-രാഷ്ട്രീയ - സംഘടനകൾ തുടങ്ങിയ മേഖലയിലുള്ളവരെല്ലാം ഈ ക്യാമ്പയിന്റെ ഭാഗമാകും.

ക്യാമ്പയിനായി വിവിധ വകുപ്പുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഏജൻസികളിൽ നിന്നും ലഭ്യമാക്കുന്ന തൈകൾക്ക് പുറമേ ഗ്രാമപഞ്ചായത്തുകളിൽ പൊതുജനങ്ങളിൽ നിന്നും ജനകീയമായി തൈകൾ ശേഖരിക്കും. കൂടാതെ സ്കൂളുകളിൽ നടപ്പിലാക്കുന്ന കുട്ടികൾ ശേഖരിച്ചുകൊണ്ടുവരുന്ന വൃക്ഷത്തൈകളുടെ കൈമാറ്റം 'ചങ്ങാതിക്കൊരു തൈ' എന്ന പേരിൽ മറ്റൊരു ക്യാമ്പയിനായി സംഘടിപ്പിക്കും. നടുന്ന തൈകളുടെ പരിപാലനം ഉറപ്പുവരുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷരുടെ നേതൃത്വത്തിൽ ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺമാർ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ, ജൈവവൈവിധ്യ പരിപാലന സമിതി (ബി.എം.സി.) അംഗങ്ങൾ, പരിസ്ഥിതി പ്രവർത്തകർ, കൃഷി ഓഫീസർ, കർഷകർ എന്നിവരുടെ നേതൃത്വത്തിൽ പരിപാലന സമിതി രൂപീകരിക്കുകയും ചെയ്യും. സ്കൂളുകൾക്ക് പുറമെ കോളേജുകൾ, പോളിടെക്നിക്കുകൾ, ഐ.ടി.ഐ.കൾ, അങ്കണവാടികൾ തുടങ്ങി തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിക്കുള്ളിൽ വരുന്ന എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും 2025 ജൂൺ 05 മുതൽ തൈകളുടെ കൈമാറ്റവും, വൃക്ഷത്തൈ നടീൽ പ്രവർത്തനങ്ങളും സംഘടിപ്പിക്കും. നടീൽ വാരവും തൈകളുടെ കൈമാറ്റവും ജനപ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് ജനകീയമായി നടത്തുന്നതിനൊപ്പം നട്ടതും കൈമാറ്റം ചെയ്തതുമായ തൈകളുടെ ഇനം തിരിച്ചുള്ള വിവര ശേഖരണവും ക്യാമ്പയിന്റെ ഭാഗമായി നടത്തും. 2025 ജൂൺ 24 മുതൽ കുടുംബശ്രീ അംഗങ്ങൾ, തൊഴിലുറപ്പ് തൊഴിലാളികൾ, ഹരിത കർമസേന അംഗങ്ങൾ എന്നിവരുടെ വീട്ടിലും വൃക്ഷത്തൈ നടീൽ സംഘടിപ്പിക്കും. പ്രദേശത്തെ ജലാശയങ്ങളുടെ പരിസരമോ, പാതയോരമോ വൃക്ഷത്തൈകൾ നടുന്നതിനായി തെരഞ്ഞെടുക്കാം. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് നടന്ന മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനുമായി ബന്ധപ്പെട്ട് മാതൃകാ ടൗണുകളായി തിരഞ്ഞെടുക്കപ്പെട്ട ഇടങ്ങളിലും വൃക്ഷവൽക്കരണ ക്യാമ്പയിൻ സംഘടിപ്പിക്കാവുന്നതാണ്. ടൗണുകളിലെ വ്യാപാര സ്ഥാപനങ്ങളിലെ ജീവനക്കാർക്കിടയിലും, ഓട്ടോ, ടാക്സി, മറ്റു വാഹന സ്റ്റാന്റുകളിലെ തൊഴിലാളികൾക്കിടയിലും വൃക്ഷത്തൈകളുടെ കൈമാറ്റവും ലഭ്യമായ സ്ഥലങ്ങളിൽ നടീലും സംഘടിപ്പിച്ചു കൊണ്ട് വൃക്ഷവത്ക്കരണ ക്യാമ്പയിൻ കൂടുതൽ ജനകീയമാക്കാം.

# ആരോഗ്യ രംഗത്ത് കേരളം ലോകോത്തര നിലവാരത്തിൽ : മുഖ്യമന്ത്രി

ആരോഗ്യ രംഗത്ത് കേരളം ലോകോത്തര നിലവാരത്തിൽ എത്തിയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പാലക്കാട് ചിറ്റൂർ താലൂക്ക് ആസ്ഥാന ആശുപത്രിക്ക് വേണ്ടി പുതുതായി നിർമിച്ച കെട്ടിടവും ആശുപത്രിയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ബ്ലോക്കും ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരളത്തിലെ ജനങ്ങൾ ഒന്നാകെ സഹകരിച്ച് മുന്നോട്ടു പോയതിന്റെ ഫലമാണ് ഇത്.

ആധുനിക സൗകര്യങ്ങൾ കൈവന്നതോടെ സമൂഹത്തിലെ എല്ലാ തുറകളിലും പെട്ട ആളുകൾ ചികിത്സയ്ക്കായി സർക്കാർ ആശുപത്രികളെ സമീപിക്കുന്ന സ്ഥിതി വിശേഷം ഉണ്ടായിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആർദ്രം മിഷന്റെ നേതൃത്വത്തിൽ 886 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി. അയ്യായിരത്തിലധികം ജനകീയ ആരോഗ്യ കേന്ദ്രങ്ങളും സജ്ജീകരിച്ചു. ജില്ലാ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങളും 83 താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകളും സജ്ജമാക്കി. 43 ലക്ഷം കുടുംബങ്ങൾക്ക് കാരുണ്യ ആരോഗ്യ ഇൻഷുറൻസ് പദ്ധതി സൗകര്യം ലഭ്യമാക്കി. 7000 കോടി രൂപയുടെ സൗജന്യ ചികിത്സ ലഭ്യമാക്കി. ചടങ്ങിൽ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അധ്യക്ഷത വഹിച്ചു. വൈദ്യുതി






വകുപ്പ് മന്ത്രി കെ. കൃഷ്ണൻ കുട്ടി, കെ. രാധാകൃഷ്ണൻ എം.പി., കെ. ബാബു എം.എൽ.എ., ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. ബിനുമോൾ തുടങ്ങിയവർ പങ്കെടുത്തു.

# 'ഒരു തൈ നടാം' ക്യാമ്പയിൻ : കൊല്ലം ജില്ലാതല ഉദ്ഘാടനം

## മന്ത്രി കെ.എൻ. ബാലഗോപാൽ നിർവഹിച്ചു

ഖനനഭൂമി പുനരധിവാസമേഖലയിൽ വൃക്ഷവത്കരണത്തിന്റെ പരിസ്ഥിതിസന്ദേശം പകർന്ന് ഹരിതകേരളം മിഷൻ. ഇന്ത്യൻ റെയർ എർത്ത് ലിമിറ്റഡ് ഖനനശേഷം പുനരധിവാസത്തിനായി നൽകുന്ന 20 ഏക്കർ സ്ഥലത്ത് വൃക്ഷവത്കരണം നടത്തിയാണ് പച്ചപ്പിന് പുതുജീവൻ പകരുന്നത്. ഐ.ആർ.ഇ.യുടേയും നീണ്ടകര ഗ്രാമപഞ്ചായത്തിന്റെയും ആഭിമുഖ്യത്തിൽ നടത്തുന്ന 'ഒരു തൈ നടാം' ക്യാമ്പയിന്റെ ജില്ലാതല ഉദ്ഘാടനം കരിത്തുറ സെയിന്റ് ജോസഫ് എൽ.പി സ്കൂളിൽ ധനകാര്യ വകുപ്പ് മന്ത്രി കെ. എൻ. ബാലഗോപാൽ നിർവഹിച്ചു. പരിസ്ഥിതി സംരക്ഷണത്തിന് മുൻകൈയെടുക്കാൻ സമൂഹത്തിനും ഉത്തരവാദിത്തമുണ്ടെന്ന് മന്ത്രി പറഞ്ഞു.



ഡോ.സുജിത് വിജയൻപിള്ള എം.എൽ.എ അധ്യക്ഷനായി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡോ. പി.കെ. ഗോപൻ മുഖ്യപ്രഭാഷണം നടത്തി. ജില്ലാ കളക്ടർ എൻ. ദേവിദാസ്, ഐ.ആർ.ഇ ചീഫ് മാനേജർ കെ. എസ്. ഭക്തദർശൻ, ജനറൽ മാനേജർ എൻ. എസ്. അജിത്, നവകേരളം കർമ പദ്ധതി അസിസ്റ്റന്റ് കോർഡിനേറ്റർ എസ്. യു. സഞ്ജീവ്, ജില്ലാ കോർഡിനേറ്റർ എസ്. ഐസക്, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# വെള്ളാണിക്കൽ പാറയിൽ

## ഓർമ പച്ചത്തുരുത്തിന് തുടക്കം

ലോകപരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ വെള്ളാണിക്കൽ പാറയിൽ ഓർമ്മപച്ചത്തുരുത്തിന് തുടക്കമായി. ഹരിതകേരളം മിഷൻ വൈസ് ചെയർപേഴ്സൺ ഡോ.ടി.എൻ.സീമ വൃക്ഷ തൈ നട്ട് കൊണ്ട് ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്തിന്റെ നിലവിലെ ഭരണസമിതിയുടെ ഓർമ നിലനിർത്തി ഒരുക്കുന്ന ഓർമ പച്ചത്തുരുത്തിൽ എല്ലാ പഞ്ചായത്തംഗങ്ങളും തൈകൾ നട്ടു. ഹരിതകേരളം മിഷന്റെ പച്ചത്തുരുത്ത് പദ്ധതി വ്യാപനത്തിന്റെ ഭാഗമായാണ് ഓർമപച്ചത്തുരുത്ത് സൃഷ്ടിക്കുന്നത്. സ്ഥലത്ത് നിലവിലുള്ള പച്ചത്തുരുത്തിന്റെ പുനരുജ്ജീവന പ്രവർത്തനങ്ങളും നടത്തി.





ഇടുക്കി ജില്ലയിലെ ഇടമലക്കുടിയിൽ നവീകരിച്ച ഓഫീസ് മന്ദിര ഉദ്ഘാടനത്തോടൊപ്പം ലൈഫ് ഭവന പദ്ധതിയിൽ പൂർത്തീകരിച്ച വീടുകളുടെ ഉദ്ഘാടനം തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ് നിർവഹിക്കുന്നു.

## ആരോഗ്യം ആനന്ദം-അകറ്റാം അർബുദം: രണ്ടാം ഘട്ട ക്യാമ്പയിൻ പുരുഷന്മാരെ ബാധിക്കുന്ന കാൻസറുകൾ കണ്ടെത്തി ചികിത്സിക്കും

കാൻസർ പ്രതിരോധത്തിനും ബോധവൽകരണത്തിനും ചികിത്സയ്ക്കുമായി ആരോഗ്യ വകുപ്പ് ആർദ്രം മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്ന 'ആരോഗ്യം ആനന്ദം-അകറ്റാം അർബുദം' ജനകീയ കാൻസർ ക്യാമ്പയിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ ശക്തമാക്കാൻ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നിർദേശം നൽകി. ആദ്യഘട്ട ക്യാമ്പയിൻ സ്ത്രീകൾക്ക് മാത്രമായിട്ടാണ് സംഘടിപ്പിച്ചിരുന്നത്. രണ്ടാംഘട്ടത്തിൽ പ്രധാനമായും പുരുഷൻമാർക്കാണ് പ്രാധാന്യം നൽകുന്നതെങ്കിലും ആദ്യഘട്ടത്തിൽ സ്ക്രീനിംഗിൽ പങ്കെടുക്കാൻ കഴിയാതെ പോയ സ്ത്രീകൾക്കും ട്രാൻസ്ജെൻഡർ വിഭാഗക്കാർക്കും പങ്കെടുക്കാവുന്നതാണ്. എല്ലാവരും സ്ക്രീനിംഗിൽ പങ്കെടുത്ത് കാൻസർ ഇല്ലായെന്ന് ഉറപ്പാക്കണം. അഥവാ രോഗസാധ്യത കണ്ടെത്തിയാൽ ആരംഭത്തിൽ തന്നെ



ചികിത്സിച്ച് ഭേദമാക്കാവുന്നതാണ്. കാൻസർ രോഗത്തെ കുറിച്ചുള്ള ഭയവും ആശങ്കയും അകറ്റാനും കാൻസർ സാധ്യത സ്വയം കണ്ടെത്താനും ലക്ഷ്യമിട്ട് ശക്തമായ ബോധവൽകരണ പ്രവർത്തനങ്ങൾ നടത്താനും മന്ത്രി നിർദേശം നൽകി. മന്ത്രിയുടെ നേതൃത്വത്തിൽ നടന്ന അവലോകന യോഗത്തിലാണ് നിർദേശം.

ലോക കാൻസർ ദിനമായ ഫെബ്രുവരി 4 ന് ആരംഭിച്ച ഈ ക്യാമ്പയിനിലൂടെ 15.5 ലക്ഷത്തോളം പേർക്ക് സ്ക്രീനിംഗ് നടത്തി. ഇവരിൽ ആവശ്യമായവർക്ക് തുടർ പരിശോധനയും ചികിത്സയും ഉറപ്പാക്കാൻ നിർദേശം നൽകി. ഈ ക്യാമ്പയിനിലൂടെ നിലവിൽ 86 പേർക്ക് കാൻസർ സ്ഥിരീകരിച്ചിട്ടുണ്ട്. ഇവരിൽ ഭൂരിപക്ഷം പേരിലും പ്രാരംഭ ഘട്ടത്തിൽ തന്നെ കാൻസർ കണ്ടുപിടിക്കാനായതിനാൽ ചികിത്സിച്ച് വേഗം ഭേദമാക്കാൻ സാധിക്കും.

സർക്കാർ ആശുപത്രികൾക്ക് പുറമേ സ്വകാര്യ ആശുപത്രി, സ്വകാര്യ ലാബുകൾ എന്നിവരും സഹകരിക്കുന്നുണ്ട്. പരിശോധനയിൽ കാൻസർ സ്ഥിരീകരിക്കുന്നവർക്ക് ചികിത്സയും തുടർപരിചരണവും ലഭ്യമാക്കുന്നതാണ്. ബിപിഎൽ വിഭാഗക്കാർക്ക് പൂർണമായും സൗജന്യമായിട്ടാണ് പരിശോധന. എപിഎൽ വിഭാഗക്കാർക്ക് മിതമായ നിരക്കിലും പരിശോധനാ സൗകര്യം ഒരുക്കിയിട്ടുണ്ട്.

## പൊതുവിദ്യാഭ്യാസം അന്താരാഷ്ട്ര നിലവാരത്തിൽ : മന്ത്രി വി. ശിവൻകുട്ടി

പൊതുവിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ കേരളം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർന്നെന്നും സംസ്ഥാനത്തെ സ്കൂളുകൾ സമീപ വർഷങ്ങളിൽ ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിട്ടുണ്ടെന്നും മന്ത്രി വി.ശിവൻകുട്ടി. 100 വർഷം പിന്നിട്ട തിരുവനന്തപുരം ശ്രീനാരായണപുരം ഗവ. യു.പി.എസിൽ പുതുതായി നിർമിക്കുന്ന കെട്ടിടത്തിന്റെ ശിലാസ്ഥാപനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ആധുനിക ക്ലാസ് മുറികൾ മുതൽ ഡിജിറ്റൽ സൗകര്യങ്ങൾ വരെ നമ്മുടെ വിദ്യാർഥികൾക്ക് ഏറ്റവും മികച്ച പഠന അന്തരീക്ഷം ലഭ്യമാക്കുന്നുവെന്ന് ഉറപ്പാക്കിയിട്ടുണ്ട്. സബ്ജക്ട് മിനിമം അവതരിപ്പിച്ചുകൊണ്ട് ഈ വർഷം മുതൽ ഒരു നിർണായക ചുവടുവെയ്പ്പ് പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തി. ഓരോ വിദ്യാർഥിയും പഠനത്തിന്റെ ഓരോ ഘട്ടത്തിലും അത്യാവശ്യ




മായ അടിസ്ഥാന അക്കാദമിക് കഴിവുകൾ നേടുന്നുണ്ടെന്ന് ഉറപ്പാക്കുകയാണ് സബ്ജക്ട് മിനിമം കൊണ്ട് ലക്ഷ്യമിടുന്നതെന്നും മന്ത്രി പറഞ്ഞു. ശതാബ്ദി പ്രവേശന കവാടത്തിന്റെ ശിലാസ്ഥാപനം വി.ജോയ് എം.എൽ.എ നിർവഹിച്ചു. സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ഒ.എസ്.അംബിക എം.എൽ.എ. അധ്യക്ഷത വഹിച്ചു.

# പാഴ്‌വസ്തു ശേഖരണത്തിൽ സർവകാല നേട്ടം: മന്ത്രി എം.ബി. രാജേഷ്

പാഴ് വസ്തു സംഭരണത്തിൽ കേരളം കൈവരിച്ചത് സർവകാല നേട്ടമാണെന്നും വലിച്ചെറിയൽ ശീലത്തിൽ മാറ്റമുണ്ടാക്കുന്നതിൽ ഹരിത കർമസേനയുടെ പ്രവർത്തനം നിർ



ണായകമാണെന്നും മന്ത്രി എം.ബി. രാജേഷ്. ജനകീയാസൂത്രണം പദ്ധതിയിൽ നിർമ്മിച്ച പാലക്കാട് ജില്ലയിലെ മേലാർക്കോട് എം.സി.എഫ്. കെട്ടിടവും വാർഷികപദ്ധതിയിലുള്ള വിവിധ ഉപകരണങ്ങളുടെ വിതരണവും ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. 2024 -25 വർഷത്തിൽ 66,166 ടൺ പാഴ്‌വസ്തുകളാണ് സംസ്ഥാനത്ത് ശേഖരിച്ചത്. കഴിഞ്ഞവർഷം ഇത് 30,000 ടൺ മാത്രമായിരുന്നു. സംസ്ഥാനത്ത് 1030 എം.സി.എഫുകളുണ്ട്. ബ്രഹ്മപുരം തീപിടിത്തത്തിനു ശേഷം മാലിന്യമുക്ത നവകേരളം പദ്ധതിയിലൂടെ മിനി എം.സി.എഫുകളുടെ എണ്ണം 7,422 ൽ നിന്ന് 19,721 ആയി ഉയർത്തി. ഒരു വാർഡിൽ ഒരു മിനി എംസിഎഫ് ഉറപ്പാക്കിയിട്ടുണ്ട്. പുനരുപയോഗ വസ്തുക്കളുടെ സംഭരണ കേന്ദ്രങ്ങളാണ് എം.സി.എഫുകളെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തണം. ഇത്തരം പദ്ധതികൾക്കെതിരെ നിൽക്കുന്നവരെ സാമൂഹ്യവിരുദ്ധരായി മാത്രമേ കാണാൻ കഴിയൂവെന്നും മന്ത്രി പറഞ്ഞു. കെ.ഡി. പ്രസേനൻ എം.എൽ.എ. അധ്യക്ഷനായി. നവകേരളം കർമപദ്ധതി ജില്ലാ കോ-ഓർഡിനേറ്റർ സെയ്തലവി മുഖ്യപ്രഭാഷണം നടത്തി.

# ചാലത്തോട് ശുചീകരണം തുടങ്ങി

ശുചിയായി ഒഴുകട്ടെ ചാലത്തോട് എന്ന ലക്ഷ്യത്തിൽ ജനകീയ കൂട്ടായ്മയുടെ നേതൃത്വത്തിൽ കണ്ണൂർ ചാലത്തോട് ശുചീകരണം തുടങ്ങി. തോട് നവീകരണത്തിന്റെയും സംരക്ഷണത്തിന്റെയും ഭാഗമായി ചാലയിൽ നടന്ന മെഗാ ശുചീകരണം മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്തു. ഹരിതകേരളം ജില്ലാ മിഷനും ജനകീയ സമിതിയും ചേർന്ന് ചാലത്തോടിന്റെ ചെമ്പിലോട് കെ.വി. പീടിക മുതൽ നടാൽ പാലം വരെയുള്ള 7 കിലോമീറ്ററാണ് ശുചിയാക്കുന്നത്. പുഞ്ചിരി മുക്ക്, മണിയലം ചിറ, ചാല പാലം പരിസരം, മിംസ് ആശുപത്രി മുതൽ നടാൽ പാലം വരെ എന്നിങ്ങനെ നാല് റീച്ചുകളിലായാണ് ശുചീകരണ പ്രവർത്തനങ്ങൾ നടത്തുക. സന്നദ്ധ പ്രവർത്തകർക്കൊപ്പം മന്ത്രിയും ശുചീകരണ പ്രവർത്തനത്തിൽ പങ്കാളിയായി. ജനകീയ



സമിതി പ്രവർത്തകർക്കു പുറമേ ചാല സ്കൂൾ എസ്.പി.സി. അംഗങ്ങൾ, ചാല, തട്ടാംകുനി മദ്രസകളിലെ വിദ്യാർഥികൾ, അധ്യാപകർ തുടങ്ങി സ്ത്രീകളും കുട്ടികളും ഉൾപ്പെടെ ഇരുനൂറോളം പേർ ശുചീകരണ പ്രവർത്തനത്തിൽ പങ്കെടുത്തു. തോട് വീണ്ടെടുക്കൽ പദ്ധതിയുടെ ഭാഗമായി ജനകീയ നടത്തവും ദീപം തെളിയിക്കലും കഴിഞ്ഞ ദിവസങ്ങളിൽ നടത്തിയിരുന്നു.

# മീസിൽസ് റൂബെല്ല വാക്സിനേഷൻ സമ്പൂർണമാക്കുന്നതിന് പ്രത്യേക ക്യാമ്പയിൻ

മീസൽസ് റൂബെല്ല രോഗങ്ങളുടെ നിവാരണം ലക്ഷ്യമിട്ട് 5 വയസ് വരെയുള്ള കുഞ്ഞുങ്ങളുടെ വാക്സിനേഷൻ സമ്പൂർണമാക്കുന്നതിന് ആരോഗ്യ വകുപ്പ് രണ്ടാഴ്ച്ച നീണ്ടുനിൽക്കുന്ന പ്രത്യേക ക്യാമ്പയിൻ സംഘടിപ്പിച്ചു. മേയ് 19 മുതൽ 31 വരെയാണ് ക്യാമ്പയിൻ സംഘടിപ്പിച്ചത്. തിരുവനന്തപുരം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ 6 ജില്ലകളിൽ, ജില്ലയിൽ ആകമാനം പ്രത്യേക ക്യാമ്പയിനും മറ്റ് 8 ജില്ലകളിൽ വാക്സിനേഷൻ കവറേജ് കുറഞ്ഞ പ്രദേശങ്ങളിൽ സ്ഥാപന തലത്തിലുള്ള ക്യാമ്പയിനുമാണ് സംഘടിപ്പിച്ചത്.

ക്യാമ്പയിൻ നടന്ന എല്ലാ ജില്ലകളിലേയും എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും രണ്ടാഴ്ച്ചക്കാലം ഇതിനായി വാക്സിനേഷൻ സൗകര്യമൊരുക്കി പ്രത്യേക വാക്സിനേഷൻ ക്യാമ്പുകളും അതിഥി തൊഴിലാളികളുടെ വാസസ്ഥലങ്ങൾ ലക്ഷ്യമിട്ട് മൊബൈൽ വാക്സിനേഷൻ ബൂത്തുകളും സജ്ജമാക്കിയിരുന്നു. കുഞ്ഞുങ്ങൾക്ക് വാക്സിൻ നിഷേധിക്കുന്ന കുടുംബങ്ങളെ ബോധവത്കരിക്കാൻ തദ്ദേശ സ്ഥാപന തലത്തിൽ സാമൂഹിക പ്രവർത്തകരെ കൂടി ഉൾപ്പെടുത്തി സമ്പൂർണ വാക്സിനേഷൻ ജാഗ്രതാ സമിതികൾ രൂപീകരിക്കും. മീസിൽസ് റൂബെല്ല രോഗങ്ങളുടെ വാക്സിനേഷൻ പ്രവർത്തനങ്ങൾക്കൊപ്പം വാക്സിൻ മൂലം തടയാവുന്ന മറ്റ് 10 രോഗങ്ങളുടെ വാക്സിനുകൾ എടുക്കാൻ വിട്ടുപോയവർക്ക് അവകൂടി എടുക്കാൻ അവസരം നൽകും.

# നീലക്കുറിഞ്ഞി

## ജൈവവൈവിധ്യ പഠനോത്സവം



ലോക ജൈവവൈവിധ്യ ദിനത്തോടനുബന്ധിച്ച് ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ നീലക്കുറിഞ്ഞി ജൈവവൈവിധ്യ പഠനോത്സവം സംഘടിപ്പിച്ചു. മെയ് 16, 17, 18 തീയതികളിലായി അടിമാലിയിലെ നീലക്കുറിഞ്ഞി ജൈവവൈവിധ്യ വിജ്ഞാന കേന്ദ്രത്തിലും മൂന്നാറിലുമായാണ് ത്രിദിന പഠന ക്യാമ്പ് സംഘടിപ്പിച്ചത്. കുട്ടികളിൽ ജൈവവൈവിധ്യ അവബോധവും പരിസ്ഥിതി സംരക്ഷണ ശ്രമങ്ങളും പ്രോത്സാഹിപ്പിക്കാൻ ലക്ഷ്യമിട്ടാണ് പരിപാടി.

ഇടുക്കി അടിമാലിയിൽ യുഎൻഡിപി പദ്ധതിയിൽ ഉൾപ്പെടുത്തി ഹരിതകേരളം മിഷൻ സ്ഥാപിച്ച നീലക്കുറിഞ്ഞി ജൈവവൈവിധ്യ വിജ്ഞാന പഠനകേന്ദ്രത്തിന്റെ കമ്യൂണിറ്റി തല പരിപാടികളുടെ ഭാഗമായാണ് പഠനോത്സവം സംഘടിപ്പിച്ചത്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ 7,8,9 ക്ലാസ്സുകളിലെ സ്കൂൾ വിദ്യാർത്ഥികൾക്കായി ജില്ലകളിൽ സംഘടിപ്പിച്ച ബ്ലോക്ക് – ജില്ലാതല മെഗാ ക്വിസ്, ഓപ്പൺ ആക്ടിവിറ്റി മത്സരങ്ങളിൽ വിജയികളായവരാണ് സംസ്ഥാനതല പഠനോത്സവത്തിൽ പങ്കെടുത്തത്. പരിസ്ഥിതി, ജൈവവൈവിധ്യം എന്നീ വിഷയങ്ങളെ അധികരിച്ചായിരുന്നു ബ്ലോക്ക്,ജില്ലാതല ക്വിസ് മത്സരം സംഘടിപ്പിച്ചത്. തദ്ദേശസ്ഥാപന തലത്തിൽ പങ്കെടുത്ത 4318 പേരിൽ നിന്നും മത്സര വിജയികളായ 608 കുട്ടികളെ ഉൾപ്പെടുത്തി നടത്തിയ ജില്ലാതല ക്വിസ് മത്സരങ്ങളിൽ വിജയികളായ 60 വിദ്യാർത്ഥികളാണ് സംസ്ഥാന പഠനോത്സവത്തിനെത്തിയത്.

വലിയ ക്യാൻവാസിൽ പരിസ്ഥിതിയുമായി ബന്ധപ്പെട്ട മനോഹരമായ ചിത്രങ്ങൾ വരച്ചു കൊണ്ട് കുട്ടികൾ തന്നെയാണ് പഠന ക്യാമ്പ് ഉദ്ഘാടനം ചെയ്തത്. നമ്മുടെ രാജ്യത്തെ വൈവിധ്യമാർന്ന നീലക്കുറിഞ്ഞികളെ കുറിച്ച് പ്രൊഫ. ജോമി അഗസ്റ്റ്യൻ കുട്ടികളുമായി സംവദിച്ചു. പശ്ചിമഘട്ടത്തിലെ പ്രത്യേകിച്ച് മൂന്നാറിലെ അതുല്യമായ ജൈവവൈവിധ്യ സവിശേഷതകൾ പകർന്നു നൽകിയ നീലക്കുറിഞ്ഞി ജൈവ വൈവിധ്യ വിജ്ഞാനകേന്ദ്രത്തെ കുട്ടികൾ ഏറെ കൗതുകത്തോടെയാണ് സ്വീകരിച്ചത്. മൂന്നാറിന്റെ നിത്യഹരിത വനമേഖലയുടെ ഭാഗമായ, ആനകൾ സ്ഥിരമായി വെള്ളം കുടിക്കാൻ എത്തുന്ന 'ആനക്കുളം' യാത്ര കുട്ടികൾക്ക് വ്യത്യസ്തമായ അനുഭവമായി. ഇരവികുളം ദേശീയ ഉദ്യാന സന്ദർശനവും അവിടെവച്ച് നടത്തിയ പക്ഷി, ഉരഗ, ശലഭ, സസ്യ നിരീക്ഷണ പ്രവർത്തനങ്ങളും കുട്ടികൾക്ക് വൈവിധ്യവും തദ്ദേശീയവുമായ അനേകം ജീവജാലങ്ങളെ കാണാനും അവയുടെ സവിശേഷതകൾ മനസ്സിലാക്കാനും പശ്ചിമഘട്ടത്തിന്റെ ഉള്ളറിഞ്ഞുള്ള യാത്രാരീതികൾ പരിശീലിക്കാനും ഉള്ള അവസരമായി. കേരളത്തിലെ കന്നുകാലി ബീജോത്പാദന കേന്ദ്രങ്ങളിൽ പ്രധാനപ്പെട്ട മാട്ടുപ്പെട്ടി ഇൻഡോ- സ്വിസ് ഫാം സന്ദർശിക്കുകയും ആധുനികവും ശാസ്ത്രീയവുമായ പശു പരിപാലന രീതികൾ പരിചയപ്പെടുകയും ചെയ്തു. ജൈവ വൈവിധ്യവുമായി ബന്ധപ്പെട്ട വിനോദവും വിജ്ഞാനവും കോർത്തിണക്കിയുള്ള ക്ലാസുകൾക്ക് ബയോളജിസ്റ്റുകളായ ഡോ. സുജിത്ത്, അലൻ, ആൽബിൻ എന്നിവർ നേതൃത്വം നൽകി. മൂന്നു ദിവസങ്ങളിലായി നടന്ന ജൈവവൈവിധ്യ ക്ലാസുകൾ, ഫീൽഡ് സന്ദർശനങ്ങൾ, വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ എന്നിവയിൽ നിന്നുമുള്ള കണ്ടെത്തലുകളുടെയും നിഗമനങ്ങളുടെയും അവതരണങ്ങളും, കലാപ്രകടനങ്ങളും ഏറെ ശ്രദ്ധേയമായി. പഠനോത്സവത്തിൽ പങ്കെടുത്ത കുട്ടികളെ ഹരിത അംബാസിഡർമാരായി പ്രഖ്യാപിച്ചുകൊണ്ട് പ്രത്യേക ബാഡ്ജും സർട്ടിഫിക്കറ്റും നൽകി ആദരിച്ചു.






KLDBOARD
MATTUPATTY
MAIN OFFICE

## നെറ്റ് സീറോ സ്ഥാപനമാകാൻ ഒരുങ്ങി പാലക്കാട് ജി.എൽ.പി.എസ് പല്ലാവൂർ

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പരിസ്ഥിതി പുനഃസ്ഥാപനത്തിനായി നടപ്പിലാക്കി വരുന്ന നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിന്റെ ഭാഗമായി പാലക്കാട് ജില്ലയിലെ പല്ലാവൂർ ജി.എൽ.പി. സ്കൂളിൽ നെറ്റ് സീറോ മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് നടത്തിയ വിവരശേഖരണത്തിൽ നിന്നും കണ്ടെത്തിയ കാർബൺ പുറന്തള്ളലിന്റെയും സംഭരണത്തിന്റെയും റിപ്പോർട്ട് അവതരണവും തുടർപ്രവർത്തന കൂടിയാലോചനയും പല്ലാവൂർ ജി.എൽ.പി. സ്കൂളിൽ നടന്നു. പ്രധാനാധ്യാപിക ഷൈമ ടി.ഇ. സ്വാഗതം പറഞ്ഞു. തുടർന്ന് നെറ്റ് സീറോ കാർബൺ പ്രവർത്തന ലക്ഷ്യങ്ങളെക്കുറിച്ച് നവകേരളം കർമപദ്ധതി സംസ്ഥാന മിഷനിലെ യംഗ് പ്രൊഫഷണൽ സൂര്യ. എസ്. ബി. ആമുഖമായി സംസാരിച്ചു. സംസ്ഥാന മിഷനിലെ ഇന്റേൺസ് ജിൻസി പി., നിഷ ആർ. എന്നിവർ നെറ്റ് സീറോ കാർബൺ സ്ഥാപന റിപ്പോർട്ട് അവതരണം നടത്തി.

തുടർപ്രവർത്തനങ്ങളെക്കുറിച്ചും പോരായ്മകൾ നികത്താനുള്ള നിർദ്ദേശങ്ങളും ചർച്ചയിലുയർന്നു. 2025 ജൂൺ 5 - പരിസ്ഥിതി ദിനത്തിൽ ആരംഭിച്ച് - ആറു മാസത്തിനുള്ളിൽ കാർബൺ തുല്യത പൂജ്യത്തിലോ നെഗറ്റീവോ എത്തിക്കുമെന്ന് യോഗത്തിൽ ധാരണയായി.

## തൊടുപുഴ ബ്ലോക്കിൽ ഇനി ഞാൻ ഒഴുകട്ടെ പ്രവർത്തനങ്ങൾ



മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ഇടുക്കി തൊടുപുഴ ബ്ലോക്കിലെ പുറപ്പുഴ ഗ്രാമപഞ്ചായത്തിൽ തോടുകളുടെ നവീകരണ പുനരുദ്ധാരണ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ പുരോഗമിക്കുന്നു. ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴിയാണ് പ്രവർത്തനങ്ങൾ നടക്കുന്നത്. ഗ്രാമപഞ്ചായത്തിലെ വാർഡ് 5 കൃഷ്ണവിലാസം ഭാഗം തോട്, വാർഡ് 8 ഇല്ലിക്ക നിരപ്പേൽ ഭാഗം തോട്, വാർഡ് 7 പുറപ്പുഴ മാറിക ചെത്തിക്കൂട്ടുഭാഗം തോട്, വാർഡ് രണ്ട് പുറപ്പുഴ വെട്ടുക്കള ചിറ ഭാഗംതോട് എന്നിവയിലാണ് പ്രവർത്തനങ്ങൾ നടന്നു വരുന്നത്. ഈ പ്രവർത്തനങ്ങൾ ഏറ്റെടുത്തതു വഴി തോടുകളുടെ സുഗമമായ ഒഴുക്കിനും പുനർജീവനത്തിനും കാരണമായി. ഹരിതകേരളം മിഷന്റെ ഇനി ഞാൻ ഒഴുകട്ടെ ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ തുടർച്ച എന്ന രീതിയിലാണ് പ്രവർത്തനങ്ങൾ നടന്നുവരുന്നത്.

## ജലബജറ്റ് : കണ്ണൂർ ജില്ല ലക്ഷ്യത്തിലേക്ക്

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജലബജറ്റ് തയ്യാറാക്കുന്നതിൽ കണ്ണൂർ ജില്ല ലക്ഷ്യത്തിലേക്ക്. ജലലഭ്യതയും അവയുടെ ഉപഭോഗവും ആവശ്യകതയും കണക്കാക്കി ഭാവി ഉപയോഗം ആസൂത്രണം ചെയ്യുന്ന പ്രവർത്തനമാണ് ജലബജറ്റ്. ജില്ലയിൽ 51 ഗ്രാമപഞ്ചായത്തുകളും ആന്തൂർ നഗരസഭയും പേരാവൂർ, പാനൂർ, പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്തുകളും ഇതിനകം ജലബജറ്റ് തയ്യാറാക്കി പ്രകാശനം ചെയ്തു. മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വൈകാതെ തന്നെ ജലബജറ്റ് തയ്യാറാക്കാനുള്ള തീവ്രയജ്ഞത്തിലാണ്.

ജലബജറ്റ് തയ്യാറാക്കുമ്പോൾ ഉപരിതലജലവും ഭൂഗർഭ ജലവും കണക്കിലെടുക്കും. വാർഷിക അല്ലെങ്കിൽ സീസണൽ മഴയുടെ കണക്കെടുക്കുന്നതിന് പകരം ഒരു വർഷത്തെ ഓരോ പത്ത് ദിവസത്തെയും മഴയുടെ ലഭ്യതയും ശേഖരിക്കും. ഒരു മാസത്തിലെ ആദ്യത്തെ പത്ത് ദിവസവും രണ്ടാമത്തെ പത്ത് ദിവസവും മൂന്നാമത്തെ പത്ത് ദിവസവും ലഭിച്ച മഴയുടെ അളവ് രേഖപ്പെടുത്തും. മഴയുടെ അളവിന് പുറമേ വിവിധ വഴികളിലൂടെ ആ യൂണിറ്റ് പ്രദേശത്ത് ലഭ്യമാവുന്ന വെള്ളത്തിന്റെ അളവും ശേഖരിക്കും. ഇത് മഴയുടെ കണക്കുമായി താരതമ്യപ്പെടുത്തി വർഷത്തിലെ ഓരോ പത്ത് ദിവസങ്ങളിലെയും ശരാശരി ജല ലഭ്യതയിൽ എത്തിച്ചേരും.

വേനൽമഴയുടെ വിതരണം, മൺസൂൺ, ഭൂപ്രകൃതിയിലെ വ്യതിയാനം, ഭൂപ്രദേശത്തിന്റെ രീതി, ഭൂഗർഭജലം റീച്ചാർജ്, പഞ്ചായത്തിലേക്ക് ഒഴുകുന്ന വെള്ളം, പഞ്ചായത്തിന് പുറത്ത് ലഭ്യമായ വെള്ളം എന്നിവയെല്ലാം കണക്കാക്കും. ഗാർഹികാവശ്യങ്ങൾ, ജലസേചനം, ബിസിനസ്, ടൂറിസം, കൃഷി, വ്യാവസായിക ആവശ്യങ്ങൾ എന്നിവയ്ക്കായുള്ള ജലത്തിന്റെ ആവശ്യം കണക്കിൽ പരിഗണിക്കും.



നാറാത്ത് ഗ്രാമപഞ്ചായത്ത് ജലബജറ്റിന്റെ പ്രകാശനം കണ്ണൂർ അഴീക്കോട് എം.എൽ.എ. കെ.വി. സുമേഷിന്റെ അധ്യക്ഷതയിൽ മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ പഞ്ചായത്ത് പ്രസിഡന്റ് കെ. രമേശന് നൽകി പ്രകാശനം ചെയ്യുന്നു.

# നാടിന്റെ നല്ല മുഖത്തിന് കാവലായി ഹരിത കർമസേന

മാലിന്യ ശേഖരണത്തിൽ മാത്രമല്ല കൃഷിയിലും വിജയം കൊയ്യുകയാണ് കണ്ണൂർ ജില്ലയിലെ മലപ്പട്ടം ഹരിത കർമസേന. ജോലിക്കു പുറമേ ചെറിയൊരു വരുമാനമാർഗം എന്ന രീതിയിൽ 4 വർഷം മുൻപ് പൂക്കണ്ടം വയലിൽ ഒന്നര യേക്കറിൽ തുടങ്ങിയ നെൽക്കൃഷി വിജയമായതോടെയാണ് ഹരിതകർമസേന കൃഷി വ്യാപിപ്പിച്ചത്. അടിച്ചേരിയിൽ 50 സെന്റ് സ്ഥലത്താണ് കപ്പ, മധുരക്കിഴങ്ങ് കൃഷി. ഇവയുടെ വിളവെടുപ്പ് സമയമാണിമാണിപ്പോൾ. അര ക്വിന്റൽ കപ്പയും മധുരക്കിഴങ്ങും വിളവെടുത്തുകഴിഞ്ഞു. രണ്ടര ക്വിന്റൽ കപ്പയും 2 ക്വിന്റൽ മധുരകിഴങ്ങും ലഭിക്കുമെന്നാണു പ്രതീക്ഷ. മൂന്നര ക്വിന്റൽ നെല്ല് ഓരോ വർഷവും ലഭിക്കുന്നുണ്ട്. 13 അംഗങ്ങളുള്ള ഹരിത കർമസേനയിലെ 8 പേരുള്ള സംഘത്തിന്റെ നേതൃത്വത്തിലാണ് കൃഷി. ഇക്കുറി ഒന്നര ക്വിന്റൽ നെല്ല് മയ്യിൽ റൈസ് പ്രൊഡ്യൂസേഴ്സ് കമ്പനിക്കാണു നൽകിയത്.



സ്ഥലം പാട്ടത്തിനെടുത്താണ് കൃഷി ചെയ്യുന്നത്. ഓരോ സീസണിലെ നെല്ലിൽ നിന്നും വിത്തിനാവശ്യമായ നെല്ല് മാറ്റിവയ്ക്കും. നടാനാവശ്യമായ കപ്പത്തണ്ടും മധുരക്കിഴങ്ങ് വള്ളിയും ഇത്തവണ കാഞ്ഞിലേരിയിൽ നിന്നു വാങ്ങി. വരുംവർഷങ്ങളിൽ കൂടുതൽ സ്ഥലങ്ങളിലേക്കു കൃഷി വ്യാപിപ്പിക്കാനുള്ള ഒരുക്കത്തിലാണിവർ.

# ഹരിതചട്ടം പാലിക്കുന്നതിൽ എടത്വ പള്ളി പെരുന്നാളിൽ പങ്കാളികളായി ഹരിത കർമസേന

ആലപ്പുഴ എടത്വ പള്ളി പെരുന്നാൾ ഹരിതചട്ടം പാലിച്ച് നടപ്പിലാക്കുന്നതിൽ പങ്കാളികളായി എടത്വ പഞ്ചായത്ത് ഹരിത കർമസേന. തിരുനാൾ കൊടിയേറിയ ദിവസം മുതൽ എടത്വ പഞ്ചായത്തിലെ 15 വാർഡുകളിൽ നിന്നായി 30 സന്നദ്ധ പ്രവർത്തകരാണ് പിന്നിൽ പ്രവർത്തിച്ചത്.

രണ്ട് ബാച്ചുകളിലായി 15 വീതം പ്രവർത്തകർ രാവിലെയും വൈകുന്നേരവും പ്രവർത്തിച്ചിരുന്നു. പ്ലാസ്റ്റിക്കുകളും മറ്റ് മാലിന്യങ്ങളും, ഭക്ഷ്യാവശിഷ്ടങ്ങളും വേർതിരിച്ച് നിക്ഷേപിക്കുന്നതിന് ആവശ്യമായ ബിന്നുകൾ പള്ളിയിൽ നിന്നു ക്രമീകരിച്ചു.

സ്കൂളുകളിലും മറ്റ് താമസ സ്ഥലങ്ങളിലുമായി കഴിയുന്ന തീർഥാടകർക്ക് മാലിന്യ നിർമാർജനവുമായി ബന്ധപ്പെട്ട പരിശീലനം തിരുനാൾ ജനറൽ കൺവീനർ തോമസ് ജോർജ് പറത്തറ, ജോയിന്റ് കൺവീനർമാരായ ജെയിൻ മാത്യു കറുകയിൽ,



റോബിൻ ടി. കളങ്ങര, ശുചിത്വ സമിതി കൺവീനർ ദിലീപ് തൈപ്പറമ്പിൽ എന്നിവരുടെ നേതൃത്വത്തിൽ നൽകിയിരുന്നു. ഹരിത കർമസേനയുടെ പഞ്ചായത്തുതല പ്രവർത്തനങ്ങൾക്ക് പ്രസിഡന്റ് ആൻസി ബിജോയ്, വൈസ് പ്രസിഡന്റ് രേഷ്മ ജോൺസൺ, കോ ഓർഡിനേറ്റർ ജയിൻ മാത്യു എന്നിവർ നേതൃത്വം നൽകി.

# കണ്ണപുരത്ത് നെറ്റ് സീറോ കാർബൺ ശിൽപശാല

കണ്ണൂർ കണ്ണപുരം കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച് കുട്ടികളെ ബോധവാൻമാരാക്കാൻ നെറ്റ് സീറോ കാർബൺ ശിൽപശാല സംഘടിപ്പിച്ചു. കണ്ണപുരം പഞ്ചായത്തിന്റെയും ഹരിതകേരളം മിഷന്റെയും നേതൃത്വത്തിൽ ചുണ്ട പ്രയാങ്കോട്ടം പച്ചത്തുരുത്തിൽ നടന്ന ശിൽപ്പശാല പഞ്ചായത്ത് പ്രസിഡന്റ് കെ. രതി ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് എം. ഗണേശൻ അധ്യക്ഷത വഹിച്ചു.

വിവിധ വിദ്യാലയങ്ങളിൽനിന്നു തിരഞ്ഞെടുത്ത 25 കുട്ടികൾ പങ്കെടുത്തു. ജൈവവൈവിധ്യ ഗവേഷകൻ വി.സി. ബാലകൃഷ്ണൻ, നെറ്റ് സീറോ കാർബൺ കോർ ഗ്രൂപ്പ് അംഗം ലക്ഷ്മണൻ, ഹരിതകേരളം മിഷൻ ജില്ലാ റിസോഴ്സ്പേഴ്സൻ ടി. ശോഭ എന്നിവർ ക്ലാസെടുത്തു. വി.വി. പുഷ്പവല്ലി, വി. വിനിത, കെ. രാഘവൻ, റീന രാജിവൻ, കൃഷി ഓഫീസർ യു. പ്രസന്നൻ, സ്ഥിരസമിതി അധ്യക്ഷ പി. വിദ്യ, ഒ.വി. വിജയൻ എന്നിവർ പ്രസംഗിച്ചു.

# ഹരിത ക്യാമ്പസ് പ്രഖ്യാപനം നടത്തി

എറണാകുളം മഹാരാജാസ് കോളേജ് ക്യാമ്പസ് ഹരിത ക്യാമ്പസായി പ്രഖ്യാപിച്ചു. മാലിന്യ മുക്ത ക്യാമ്പസ്സ് പ്രഖ്യാപനത്തിന്റെ ഭാഗമായി ഹരിതകേരളം മിഷനും മഹാരാജാസ് കോളേജിലെ അധ്യാപക അനധ്യാപക ജീവനക്കാരും വിദ്യാർത്ഥികളും സംയുക്തമായി ക്യാമ്പസ് ശുചീകരിച്ചു. ക്യാമ്പസിന് ഹരിതകേരളം മിഷന്റെ മാലിന്യസംസ്കരണ പ്രവർത്തന വിലയിരുത്തലിൽ A ഗ്രേഡ് ലഭിച്ചിരുന്നു. മഹാരാജാസ് കോളേജിൽ നടന്ന ചടങ്ങിൽ ജില്ലാ കളക്ടർ എൻ.എസ്.കെ.ഉമേഷ് IAS സർട്ടിഫിക്കറ്റ് കൈമാറി. പ്രിൻസിപ്പാൾ ഡോ. ഷജിലബീവി ഏറ്റുവാങ്ങി. വാർഡ് കൗൺസിലർ പത്മജ എസ്. മേനോൻ,



ഹരിതകേരളം മിഷൻ ജില്ലാ കോഡിനേറ്റർ രഞ്ജിനി, വൈസ് പ്രിൻസിപ്പാൾ ഡോ. ജി.എൻ.പ്രകാശ് തുടങ്ങിയവർ പങ്കെടുത്തു.

# പച്ചത്തുരുത്തിൽ വിളവെടുപ്പ്

കണ്ണൂർ കുറുമാത്തൂർ പഞ്ചായത്തിലെ പന്നിയൂർ പള്ളിവയൽ ഇർഷാദുൽ മുസ്‌ലിമിൻ സഭ കമ്മിറ്റിയുടെ കൈവശമുള്ള 75 സെന്റ് സ്ഥലത്ത് കഴിഞ്ഞ വർഷം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമിച്ച പച്ചത്തുരുത്തിൽ വിളവെടുപ്പ് നടന്നു. പള്ളി കമ്മിറ്റിയുടെ നേതൃത്വത്തിൽ സംഭാവനയായി നൽകിയ മാവ്, പ്ലാവ്, പപ്പായ മുതലായ ഫലവൃക്ഷതൈകൾക്കിടയിൽ ഇടവിളയായി പച്ചക്കറി കൃഷിയും ചെയ്തു. റെഡ് ലേഡി പപ്പായ വിളവെടുപ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി.എം. സീന ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺ വി. സഹദേവന് കൈമാറി ഉദ്ഘാടനം ചെയ്തു. മദ്രസ പരിസരത്ത് നടന്ന പരിപാടിയിൽ വാർഡ് മെമ്പർ ബീപാത്തു അധ്യക്ഷയായി. പതിനാറാം വാർഡ് മെമ്പർ ഗോവിന്ദൻ, വി. സഹദേവൻ, അഷ്റഫ് മൗലവി സംസാരിച്ചു. മൂസ ആദ്യവിൽപന നടത്തി.



പച്ചത്തുരുത്തിന്റെ പരിചരണം ഏറ്റെടുത്ത പി. അബ്ദുല്ല ഹാജി, ഫാത്തിമ, ആസിയ എന്നിവരെ ചടങ്ങിൽ ആദരിച്ചു. പള്ളി കമ്മിറ്റി ഏർപ്പെടുത്തിയ കാഷ് അവാർഡ് ട്രഷറർ ഹനീഫ കൈമാറി.

# നാട് ക്ലീനാക്കി ഇരട്ടയാർ പഞ്ചായത്ത്

നാട് വൃത്തിയാക്കുന്നതിനൊപ്പം ശേഖരിക്കുന്ന മാലിന്യത്തിൽ നിന്ന് നല്ല വരുമാനം കൂടി കണ്ടെത്തുകയാണ് ഇടുക്കി ഇരട്ടയാർ ഗ്രാമപഞ്ചായത്ത്. കഴിഞ്ഞ നാല് വർഷം കൊണ്ട് മാലിന്യത്തിൽ നിന്ന് ഏകദേശം 20 ലക്ഷം രൂപയാണ് ഗ്രാമപഞ്ചായത്ത് സമാഹരിച്ചത്. ഈ തുകയാകട്ടെ പഞ്ചായത്തിലെ ഹരിത കർമസേനയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും കൂടുതൽ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കും വിനിയോഗിക്കുന്നു. പ്ലാസ്റ്റിക്ക് തുടങ്ങിയ അജൈവ മാലിന്യങ്ങൾ വേർതിരിച്ച് വിറ്റഴിച്ചാണ് തുക കണ്ടെത്തുന്നത്. കൂടാതെ ജൈവമാലിന്യത്തിൽ നിന്ന് വളം ഉത്പാദിപ്പിക്കുന്ന യൂണിറ്റും പഞ്ചായത്തിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. പ്ലാസ്റ്റിക് മാലിന്യം കെട്ടുകളാക്കി സൂക്ഷിക്കാൻ ഉപയോഗിക്കുന്ന രണ്ട് ബെയ്‌ലിംഗ് മെഷീനുകൾ, ശേഖരിക്കുന്ന കുപ്പികളിലെയും പ്ലാസ്റ്റിക് മാലിന്യത്തിലെ പൊടിയും ചെളിയും നീക്കം ചെയ്യാൻ ഉപയോഗിക്കുന്ന ഡസ്റ്റ് റിമൂവിംഗ് മെഷീൻ എന്നിവ മെറ്റിരിയൽ റിക്കവറി ഫെസിലിറ്റി സെന്ററിൽ സജ്ജീകരിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണത്തിന് 26 ഹരിത കർമസേനാംഗങ്ങളാണ് കർമനിരതരായി പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്.

നവീകരിച്ച ആധുനിക മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി ആന്റ് റിസോഴ്സ് സെന്ററിന്റെ ഉദ്ഘാടനം എം.എം. മണി എം.എൽ.എ. നിർവഹിച്ചു. മാലിന്യമുക്ത കേരളം എന്ന ആശയം മുന്നോട്ട് വയ്ക്കുമ്പോൾ മാലിന്യത്തിൽ നിന്ന് തന്നെ വളവും, വരുമാനവും കണ്ടെത്തുന്ന ഇരട്ടയാർ ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനം മാതൃകാപരമാണെന്ന് പരിപാടി ഉദ്ഘാടനം ചെയ്ത് എം.എൽ.എ. പറഞ്ഞു.



# റാന്നി മണ്ഡലം : ജല സംരക്ഷണ പരിപാലന പദ്ധതി

പത്തനംതിട്ട റാന്നി നിയോജകമണ്ഡലത്തിൽ സമഗ്രജല വിഭവ മാനേജ്മെന്റ് നടപ്പിലാക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിനായി പ്രമോദ് നാരായണൻ എം.എൽ.എ. യുടെ സാന്നിധ്യത്തിൽ കളക്ടറുടെ അധ്യക്ഷതയിൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ യോഗം ചേർന്നു. യോഗത്തിൽ ലാന്റ് യൂസ് ബോർഡ് ഡയറക്ടർ, ഗ്രൗണ്ട് വാട്ടർ



ഡിപ്പാർട്ട്മെന്റ് ഡയറക്ടർ, ബന്ധപ്പെട്ട എല്ലാ വകുപ്പുകളിലെയും ഉദ്യോഗസ്ഥർ, ഹരിതകേരളം മിഷൻ കോർഡിനേറ്റർ ജി. അനിൽകുമാർ, ഹരിതകേരളം മിഷൻ ആർ.പി. ലക്ഷ്മി കോമൾ എന്നിവർ പങ്കെടുത്തു.

റാന്നി നിയോജക മണ്ഡലത്തിലെ ജലക്ഷാമം കുറയ്ക്കുന്നതിനും, ഭൂഗർഭ ജലത്തിന്റെ അളവ് വർധിപ്പിക്കുന്നതിനും വേണ്ടി Integrated Water Conservation Project പത്തനംതിട്ട ജില്ലയിൽ നടപ്പിലാക്കാൻ തീരുമാനിച്ചു. ശാസ്ത്രീയമായ രീതിയിൽ എങ്ങനെ മണ്ണും ജലവും സംരക്ഷിക്കാം എന്നതിനെ ആസ്പദമാക്കി നിയോജക മണ്ഡലത്തിൽ Entry Point Activity (EPA), DPR തയ്യാറാക്കുക എന്നതാണ് ലക്ഷ്യം. ഓഗസ്റ്റ് 2025 ന് മുൻപ് DPR തയ്യാറാക്കാൻ തീരുമാനിച്ചു. ലാന്റ് യൂസ് ബോർഡ്, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, ഹരിതകേരളം മിഷൻ എന്നിവരാണ് ഏകോപനം നിർവഹിച്ചത്. ജലസംരക്ഷണ പദ്ധതി നടപ്പിലാക്കാനാണ് ലക്ഷ്യം.

# നിംസ് നഴ്സിംഗ് കോളേജ് ഗ്രീൻ ക്യാമ്പസ് പ്രഖ്യാപനം

തിരുവനന്തപുരം നിംസ് നഴ്സിംഗ് കോളേജ്, നിംസ് ദന്തൽ കോളേജ് എന്നിവയുടെ ഗ്രീൻ ക്യാമ്പസ് പ്രഖ്യാപനം ഉദ്ഘാടനം സീനിയർ സിവിൽ ജഡ്ജ് എസ്. ഷംനാദ് നിർവഹിച്ചു. നിംസ് കോളേജിൽ നടന്ന ബിരുദദാനചടങ്ങിൽ ആയിരുന്നു പ്രഖ്യാപനം. ചടങ്ങിൽ കെ. ഹരീന്ദ്രൻ എം.എൽ.എ. അധ്യക്ഷനായി.

പ്രിൻസിപ്പാൾ എസ്. ജോസഫിൻ, നിംസ് മെഡിസിറ്റി MD. എം.എസ്. ഫസൽ ഖാൻ, നഗരസഭ ചെയർമാൻ പി.കെ. രാജ്മോഹൻ എന്നിവർ നേതൃത്വം നൽകി. നവകേരളം കർമപദ്ധതി



സംസ്ഥാന അസിസ്റ്റന്റ് കോഡിനേറ്റർ ടി.പി. സുധാകരൻ മുഖ്യാതിഥിയായി. ഹരിതകേരളം മിഷൻ തിരുവനന്തപുരം ജില്ലാ കോഡിനേറ്റർ അശോക് സി., കോളേജ് ജീവനക്കാർ, ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, നഗരസഭ ജീവനക്കാർ, വിദ്യാർത്ഥികൾ, രക്ഷകർത്താക്കൾ തുടങ്ങിയവർ പങ്കെടുത്തു.

## ചുമതലയേറ്റു



നവകേരളം കർമപദ്ധതി മലപ്പുറം ജില്ലാ കോർഡിനേറ്ററായി ഡോ. സീമ പി. (മെഡിക്കൽ ഓഫീസർ, ഗവ. ഹോമിയോ ഡിസ്പൻസറി, ഇടയൂർ, മലപ്പുറം) ചുമതലയേറ്റു. കേരള സർക്കാർ ആയുഷ് ഹോമിയോപ്പതി വകുപ്പിൽ നിന്നും അന്യത്ര സേവന വ്യവസ്ഥയിലാണ് നിയമനം.



നവകേരളം കർമപദ്ധതി കോട്ടയം ജില്ലാ കോർഡിനേറ്ററായി ഷൈൻ എൻ.എസ്. (ക്ലീൻ സിറ്റി മാനേജർ, കോതമംഗലം നഗരസഭ, എറണാകുളം) ചുമതലയേറ്റു. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും അന്യത്ര സേവന വ്യവസ്ഥയിലാണ് നിയമനം.

# ഹരിത കർമസേന സംഗമം

കോഴിക്കോട് കുന്ദമംഗലം ബ്ലോക്കിലെ ഹരിത കർമസേന അംഗങ്ങൾക്കായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ഹരിത കർമസേന സംഗമം നടത്തി. മാവൂർ ഗ്രാമപഞ്ചായത്ത് രാജീവ് ഗാന്ധി കൺവെൻഷൻ സെന്ററിൽ നടത്തിയ പരിപാടിയുടെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീജ ശശി നിർവഹിച്ചു. മാലിന്യ മുക്തം നവകേരളം ജനകീയ ക്യാമ്പയിൻ മാതൃകാപരമായി നടത്താൻ സാധിച്ചതിൽ ഹരിത കർമസേനയുടെ പിന്തുണ സുപ്രധാനമായിരുന്നുവെന്നും



ഇത്തരത്തിൽ ഉള്ള കൂടിച്ചേരലുകൾ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ സാധിക്കുമെന്നും പ്രസിഡന്റ് പറഞ്ഞു. ചടങ്ങിൽ മാവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വളപ്പിൽ റസാക്ക് അധ്യക്ഷത വഹിച്ചു. വിവിധ പഞ്ചായത്തുകളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, ഹരിത കർമസേന അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു. ഹരിതകേരളം മിഷന്റെ സഹായത്തോടെ കുന്ദമംഗലം ബ്ലോക്കിൽ നടത്തുന്ന നാലാമത്തെ ഹരിത കർമസേന സംഗമം ആണ് മാവൂരിൽ നടത്തിയത്.

# നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ

## സ്ഥാപനതല സർവേ കാസർഗോഡ് ജില്ലയിൽ ഊർജ്ജിതം

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിന്റെ ഭാഗമായി കാർബൺ ആഗിരണം, കാർബൺ പുറംതള്ളൽ എന്നിവയുടെ തോത് കണക്കാക്കുന്നതിനായി കാസർഗോഡ് ജില്ലയിൽ സർവേ പുരോഗമിക്കുന്നു. ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സഹായത്തോടെ ഹരിതകേരളം മിഷൻ തയ്യാറാക്കിയ മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ചാണ് സർവേ നടത്തുന്നത്. ആദ്യഘട്ടത്തിൽ നെഹ്റു ആർട്സ് ആന്റ് സയൻസ് കോളേജ് പടന്നക്കാട്, കാസർഗോഡ് ഗവ. കോളേജ്, കെ സി സി പി എൽ കരിന്തളം, എ സി കെ എൻ എസ് ജി യു പി എസ് മേലാങ്കോട് എന്നീ നാല് സ്ഥാപനങ്ങളിലാണ് സർവേ നടത്തിയത്. അതിൽ നെഹ്റു ആർട്സ് ആന്റ് സയൻസ് കോളേജ് പടന്നക്കാട്, എ സി കെ എൻ എസ് ജി യു പി എസ് മേലാങ്കോട് എന്നീ സ്ഥാപനങ്ങൾ കാർബൺ നെഗറ്റീവ് സ്റ്റാറ്റസ് പദവി കൈവരിച്ചിരുന്നു. തുടർന്ന് നെറ്റ് സീറോ ക്യാമ്പയിൻ നടപ്പിലാക്കുന്ന ഗ്രാമപഞ്ചായത്തിലെ സ്ഥാപനങ്ങളിലും ജില്ലാപഞ്ചായത്തിന്റെ സഹകരണത്തോടെ 75 ഹൈസ്കൂളുകളിലും സർവേ വ്യാപിപ്പിക്കുവാനാണ് തീരുമാനം. ഇതിനായി പരിശീലനം ലഭിച്ച ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺമാർ, ഇന്റേൺസ് എന്നിവരടങ്ങുന്ന ടീം സ്ഥാപനങ്ങൾ സന്ദർശിച്ച് സർവേ നടപടികൾ ആരംഭിക്കും.

# മാലിന്യക്കുപ്പ ഇനി പൂന്തോട്ടം

കോട്ടയം കുറവിലങ്ങാട് എംസി റോഡരികിൽ ശൗചാലയമാലിന്യം മുതൽ അടുക്കളമാലിന്യം വരെ വഴിയോരത്തേക്ക് തള്ളിയിരുന്ന ഇടമായിരുന്നു. ഈ സ്ഥലങ്ങളെ പൂന്തോട്ടമാക്കാനുള്ള ശ്രമം തുടങ്ങിക്കഴിഞ്ഞു. കാണക്കാരി, കുറവിലങ്ങാട്, മരങ്ങാട്ടുപിള്ളി, ഉഴവൂർ, വെളിയന്നൂർ പഞ്ചായത്തുകളിൽ എംസി റോഡ് കടന്നുപോകുന്ന ഭാഗത്ത് പൂന്തോട്ടം ഒരുക്കുകയാണ് ലക്ഷ്യം. ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് ആണ് വെമ്പള്ളി വടക്കേ കവലയുടെ സമീപത്ത് എംസി റോഡോരത്ത് ആരാമം ഒരുക്കുന്നത്. പൂന്തോട്ടത്തിന്റെ ഒന്നാംഘട്ടം പൂർത്തിയായി. മാലിന്യമുക്ത നവകേരളം ജനകീയ പ്രചാരണ പരിപാടിയുടെ ഭാഗമായി



വെമ്പള്ളി വടക്കേ കവലയുടെ സമീപത്ത് എംസി റോഡരികിൽ നിർമാണം നടക്കുന്ന ആരാമം പ്രധാനപ്പെട്ട കേന്ദ്രങ്ങൾ സൗന്ദര്യവത്കരിക്കുന്നതിന്റെ ഭാഗമായാണ് പദ്ധതി. അടുത്ത ഘട്ടത്തിൽ മാഞ്ഞൂർ, കടപ്ലാമറ്റം, രാമപുരം പഞ്ചായത്തുകളിലെ പ്രധാന റോഡുകൾ കടന്നുപോകുന്ന ഇടങ്ങളിലും സമാനമായ പ്രവർത്തനം നടത്തും. രണ്ട് ഘട്ടങ്ങളിലായി 15 ലക്ഷം രൂപ ചെലവഴിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. പഞ്ചായത്തുകളുടെ സഹായത്തോടെയാണ് പദ്ധതി നിർവഹണം. കോർപറേറ്റ് കമ്പനികളുടെ സിഎസ്ആർ ഫണ്ട് പ്രയോജനപ്പെടുത്തും. ഹരിതകേരളം മിഷനാണ് ഏകോപനച്ചുമതല.

# എറണാകുളത്ത് 106 ആരോഗ്യ സ്ഥാപനങ്ങൾ ഹരിതമായി

എറണാകുളം ജില്ലയിലെ ഭാരതീയ ചികിത്സാ വകുപ്പിലെ 14 സർക്കാർ ആയുർവേദ ആശുപത്രികളും, 68 സർക്കാർ ഡിസ്പെൻസറികളും, 22 ആയുഷ് പി.എച്ച്.സി.കളും, 1 ട്രൈബൽ ഡിസ്പെൻസറിയും, ജില്ലാ മെഡിക്കൽ ഓഫീസറുടെ കാര്യാലയവും അടക്കം 106 സ്ഥാപനങ്ങൾ ഹരിതമായി. മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ എറണാകുളം ജില്ലയിലെ എല്ലാ ആയുർവേദ ആശുപത്രികളെയും ഡിസ്പെൻസറികളിലെയും ഹരിത ഗ്രേഡിങ് പൂർത്തീകരിച്ചു ഹരിത സ്ഥാപനങ്ങളായി പ്രഖ്യാപിച്ചു ഹരിത സർട്ടിഫിക്കറ്റ് നൽകി. എറണാകുളം ഗവൺമെൻറ് ഗസ്റ്റ് ഹൗസിൽ നടന്ന ആയുർവേദ മെഡിക്കൽ ഓഫീസർമാരുടെ യോഗത്തിൽ ജില്ലാ ആയുർവേദ മെഡിക്കൽ ഓഫീസർ ഡോ. പി.ജി. ഗീതാദേവി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

# സോളാർ പ്ലാന്റ് ഉദ്ഘാടനം നിർവഹിച്ചു

കോഴിക്കോട് പെരുമണ്ണ ഗ്രാമപഞ്ചായത്ത് നെറ്റ് സീറോ കാർബൺ കേരളം ക്യാമ്പയിനുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ സജ്ജമാക്കിയ സോളാർ പ്ലാന്റ് ഉദ്ഘാടനം അഡ്വ. പി.ടി.എ. റഹിം എം.എൽ.എ. നിർവഹിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷാജി പുത്തലത്ത് അധ്യക്ഷത വഹിച്ചു സംസാരിച്ചു. 5 ലക്ഷം രൂപ ചിലവാക്കി 10 കിലോവാട്ട് സോളാർ പ്ലാന്റ് ആണ് പഞ്ചായത്ത് കെട്ടിടത്തിനു മുകളിൽ സ്ഥാപിച്ചത്. വരും വർഷങ്ങളിൽ പഞ്ചായത്തിലെ മറ്റു സ്ഥാപനങ്ങളിലേക്കും സോളാർ സംവിധാനം സ്ഥാപിക്കണമെന്ന് എം.എൽ.എ. അഭിപ്രായപെട്ടു. നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ പദ്ധതിയിലേക്ക് ഉള്ള മാതൃകാ പ്രവർത്തനം എന്ന നിലയിൽ ആണ് സോളാർ പ്ലാന്റ് സ്ഥാപിച്ചത് എന്ന് പ്രസിഡന്റ് പറഞ്ഞു. പരിപാടിയിൽ വെച്ച് ഹരിത കർമസേന




അംഗങ്ങളെ ആദരിക്കുന്ന ചടങ്ങും നടന്നു. മാലിന്യ മുക്തം നവകേരളം ജനകീയ ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലയിലെ മികച്ച ഹരിത കർമസേന കോൺസോർഷ്യം ആയി തിരഞ്ഞെടുത്തത് പെരുമണ്ണ ഗ്രാമപഞ്ചായത്തിലെ ഹരിത കർമസേനയെ ആയിരുന്നു. മാലിന്യ പരിപാലനത്തിലെ ചിലവ് കുറക്കലും തരം തിരിച്ചുള്ള വരുമാനം നേടലും ആണ് പെരുമണ്ണ ഹരിത കർമസേനയെ ഈ നേട്ടത്തിൽ എത്തിച്ചത്.

# മാലിന്യക്കൂമ്പാരം മാറി; ഷട്ടിൽ കോർട്ട് വന്നു

മാലിന്യമുക്തം നവകേളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി തൃശൂർ കൊടകരയിലെ വർഷങ്ങളായി കിടന്നിരുന്ന മാലിന്യക്കൂമ്പാരം മാറ്റി ഹരിത കർമസേന അവിടെ ഷട്ടിൽ കോർട്ടാക്കി. കൊടകര മാർക്കറ്റിലെ വർഷങ്ങളുടെ മാലിന്യക്കൂമ്പാരമാണ് പൂർണമായും മാറ്റിയത്. കൊടകര പഞ്ചായത്തിന്റെ സഹകരണത്തോടെ നടത്തിയ ഈ പ്രവർത്തനംവഴി അഞ്ച് സെന്റ് സ്ഥലവും ലാഭിക്കാനായി. ഒമ്പത് ടൺ മാലിന്യങ്ങളാണ് ഹരിത കർമസേന അംഗങ്ങൾ ഇവിടെ നിന്ന് നീക്കം ചെയ്തത്. കൊടകര എം.സി.എഫ്. അംഗങ്ങൾ ഒന്നിച്ചു ചേർന്ന് മാലിന്യങ്ങൾ വേർതിരിച്ചെടുത്തു. ജൈവ-അജൈവ മാലിന്യങ്ങൾ



തരംതിരിച്ച് ക്ലീൻ കേരള ഏജൻസിക്ക് കൈമാറി. ഇലക്ട്രോണിക് മാലിന്യങ്ങൾ പരിസ്ഥിതി സൗഹൃദ രീതിയിൽ കൈകാര്യം ചെയ്തു. പ്രദേശത്ത് മണ്ണിടിച്ച് ഷട്ടിൽ കോർട്ട് സ്ഥാപിക്കുകയും മരങ്ങളും ചെടികളും നട്ടു പിടിപ്പിക്കുകയും ചെയ്തു.

Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : T.P. Sudhakaran, Asst. Cordinator | B. Manoj, Public Relations Officer | Anu Liya Jose, Young Professional | Archana Shaji, Young Professional
Design & Layout : Fousia P A, Graphic Designer | Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by Navakeralam Karmapadhathi 2, Statue, Trivandrum 01. Website : https://nkp.kerala.gov.in
Printed at Gramalakshmi Mudralayam, 9446639246